അവയിൽ പലതും ഇക്കാലയളവിൽ നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കേണ്ട പദ്ധതികളുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരികയാണ്. എന്നാൽ ഭൂമി ഏറ്റെടുക്കൽ, പാരിസ്ഥിതികാനുമതി തുടങ്ങിയ സാങ്കേതിക കാരണങ്ങളാലും മറ്റ് ഭരണപരമായ കാരണങ്ങളാലും പ്രഖ്യാപിച്ച പദ്ധതികളിൽ ചിലവ സമയബന്ധിതമായി നടപ്പിലാക്കുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്.

(സി) പദ്ധതി നിർവ്വഹണത്തിന് ഭരണപരമായ നടപടിക്രമങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് പ്രവർത്തന പുരോഗതിയുടെയും അടിസ്ഥാനത്തിൽ അതാത് വർഷം പദ്ധതി നടത്തിപ്പിനാവശ്യമായ തുക അനുവദിക്കാറുണ്ട്.

ആറ്റിങ്ങൽ പട്ടണത്തിലെ എൻ.എച്ച്-ന്റെ വീതി കൂട്ടുവാൻ അനുമതി

169 (514) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ പട്ടണത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണുവാൻ പട്ടണത്തിൽ എൻ.എച്ച്.-ന്റെ വീതി കൂട്ടുവാനായി സമർപ്പിച്ചിരിക്കുന്ന പദ്ധതിക്ക് ഫയൽ നമ്പർ ഇ-74757 (ഇൻഡസ്ട്രീസ് ആന്റ് പി.ഡബ്ല്യു.ഡി.) ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ഫയൽ തീർപ്പാക്കുന്നതിന് കാലതാമസംവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാലതാമസം വരുന്നതിന് കാരണം വ്യക്തമാക്കാമോ ;

(സി) മാതൃകാ പദ്ധതിയായി നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ച പ്രസ്തുത പദ്ധതിക്ക് അടിയന്തരമായി അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ആറ്റിങ്ങൽ പട്ടണത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണുവാൻ പട്ടണത്തിൽ എൻ.എച്ച്.-ന്റെ വീതി കൂട്ടുവാനായി പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിരിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിൽ പരിശോധിച്ചുവരികയാണ്. പരിശോധനയ്ക്കുശേഷം ടി വിഷയത്തിൽ ഉചിതമായ ഒരു തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly